Santhigiri

ഗുരുവാണി

"ജീവന്റെ കർമ്മധർമ്മഭാവങ്ങൾക്ക് സ്ഥൂല - സൂക്ഷ്മ - കാരണ - കാര്യസഹിതം അർഹതപ്പെടുത്തിക്കൊടുക്കുന്ന ഗുരു; പഞ്ചഭൂതം, പഞ്ചേന്ദ്രിയം, പഞ്ചകോശം, ജീവാത്മാ, പരമാത്മാ, ധർമ്മഗതി എന്നിവയെ മാനിച്ചു പ്രവർത്തിക്കുന്ന അനുഭവ ജ്ഞാനിയായ കർമ്മധീരനുമായിരിക്കണം."

# ഉമ്മിണിതങ്കം

VOL 03 | ISSUE 54 | 2017 ഡിസംബർ 17 | 1193 ധനു 02

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# പൂജിതപീഠം സമർപ്പണം പ്രചാരണ പരിപാടികൾക്ക് തുടക്കമായി

## 41 ദിവസത്തെ വ്രതസങ്കല്പങ്ങൾ ജനുവരി 13 ന് ആരംഭിക്കും

**സ്പിരിചൽ സോൺ :** 2018 ഫെബ്രുവരി 22ന് സമാഗതമാകുന്ന പൂജിതപീഠം സമർപ്പണം ആഘോഷത്തോടനുബന്ധിച്ച് സംസ്ഥാനത്തിനകത്തും പുറത്തുമായി നടക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾക്ക് ഡിസംബർ 15 ന് തുടക്കമായി. സംസ്ഥാനത്തെ 28 ഏരിയകളിലും സംസ്ഥാനത്തിന് പുറത്ത് പ്രധാന കേന്ദ്രങ്ങളിലും ആശ്രമം സെൻട്രൽ ഓഫീസ് പരിസരത്തെ 12 യൂണിറ്റുകളിലും പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. പ്രചാരണ പ്രവർത്തനങ്ങൾ രണ്ട് മാസം നീണ്ടുനിൽക്കും.

സന്ന്യാസിമാരുടെ നേതൃത്വത്തിൽ എല്ലായിടത്തും ഗൃഹസന്ദർശന പരിപാടികൾ ആരംഭിച്ചുകഴിഞ്ഞു. 'കനൽ വഴിയിലെ കാരുണ്യം' ഗ്രന്ഥത്തിലേക്കുള്ള അനുഭവശേഖരണവും ഗൃഹസന്ദർശനത്തിന്റെ ഭാഗമായി നടക്കും. ഗൃഹസന്ദർശന പരിപാടിയെ തുടർന്ന് ആത്മബന്ധുക്കളുടെ ഭവനങ്ങളിലും മറ്റു തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും ഒരു മണിക്കൂർ സമയദൈർഘ്യമുള്ള 'ഗൃഹനന്മ' കൂട്ടായ്മകൾ സംഘടിപ്പിക്കും. പ്രദേശവാസികളെയും അഭ്യുദയകാംക്ഷികളെയും ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും ഈ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നത്. ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ അനാഥാലയങ്ങൾ, ആശുപത്രികൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിൽ 'പാഥേയം' അന്നദാന പരിപാടിയും നടത്തുന്നതാണ്. ശാന്തിഗിരി ശാന്തിമഹിമ, ശാന്തിഗിരി ഗുരുമഹിമ ഡിവിഷനുകളുടെ ചുമതലയിൽ വിദ്യാർത്ഥിസംഗമങ്ങളും പ്രവർത്തക ക്യാമ്പുകളും സംഘടിപ്പിക്കുന്നതാണ്. സംഗമത്തിൽ വിദ്യാർത്ഥികൾക്കുള്ള ബോധവത്കരണ ക്ലാസുകളും ഉണ്ടായിരിക്കും.

തുടർന്ന് ഏരിയകളിലെ ആത്മബന്ധുക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏരിയസംഗമങ്ങൾ നടക്കും. കലാപരിപാടികളും ഇതോടനുബന്ധിച്ച് ഉണ്ടായിരിക്കും. മന്ത്രിമാർ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടെയുള്ള വിശിഷ്ടവ്യക്തിത്വങ്ങളെ ആശ്രമത്തിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള പൂജിതപീഠം സമർപ്പണം നോട്ടീസ് വിതരണവും ഈ ഘട്ടത്തിൽ നടക്കും. തുടർന്ന് പൊതുജനങ്ങളെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് നടക്കുന്ന ജില്ലാതല സംഗമങ്ങളിൽ വിശിഷ്ട വ്യക്തിത്വങ്ങൾ അതിഥികളായിരിക്കും. സമൂഹത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വ്യക്തിത്വങ്ങളെ സംഗമത്തിൽ വച്ച് ആദരിക്കുന്നതാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ഉണ്ടായിരിക്കും. ശുചീകരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, വിഭവസമാഹരണം, ശാന്തിയാത്ര എന്നിവയും നടക്കും. സംസ്ഥാനത്തിന് പുറത്തും വിവിധ കേന്ദ്രങ്ങളിൽ ഗൃഹസന്ദർശന പരിപാടിയും സൗഹൃദകൂട്ടായ്മകളും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. രാജ്യത്തെ പ്രധാന നഗരങ്ങളിൽ പൂജിതപീഠം സമർപ്പണം റീജണൽ സംഗമങ്ങളും ഉണ്ടായിരിക്കും.

ആഘോഷ പരിപാടികളുടെ മേൽനോട്ടത്തിനായി സെൻട്രൽ ഓഫീസിൽ പ്രത്യേക ടീം പ്രവർത്തിക്കും. ഡോക്യുമെന്റേഷൻ, സോഷ്യൽ മീഡിയ, പ്രിന്റ് മീഡിയ, ഫോളോ അപ് സെൽ എന്നിവയ്ക്കായി പ്രത്യേക ചുമതലക്കാരും ഉണ്ടായിരിക്കുന്നതാണ്. ഏരിയ/റീജണൽ ചുമതലയുള്ള സന്ന്യാസിമാരുടെ നേതൃത്വത്തിൽ അതാത് സ്ഥലത്ത് നടക്കുന്ന പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിന് സെൻട്രൽ ഓഫീസിൽ നിന്നും ഏരിയയിൽനിന്നും പ്രവർത്തകരെ നിയോഗിക്കുന്നതാണ്. പൂജിതപീഠം സമർപ്പണം പോസ്റ്ററുകൾ, ബാനറുകൾ, ആർച്ച് എന്നിവ വഴിയുള്ള പ്രചാരണ പ്രവർത്തനങ്ങളും പൂജിതപീഠം സമർപ്പണം പ്രമോ (വീഡിയോ) മീറ്റിംഗുകളിൽ ഉൾപ്പടെ പ്രദർശിപ്പിക്കുന്നതുമാണ്.

പൂജിതപീഠം സമർപ്പണത്തോടനുബന്ധിച്ചുള്ള 41 ദിവസത്തെ വ്രതസങ്കല്പങ്ങൾ 2018 ജനുവരി 13-ാം തീയതി ശനിയാഴ്ച ആരംഭിക്കും. ആശ്രമത്തിലും ബ്രാഞ്ചുകളിലുമായി നടക്കുന്ന പുഷ്പസമർപ്പണത്തിലും പ്രാർത്ഥനയിലും എല്ലാ ആത്മബന്ധുക്കളും പങ്കെടുക്കും. ഫെബ്രുവരി 22 ന് പൂജിതപീഠം സമർപ്പണദിനത്തിൽ നടക്കുന്ന അർദ്ധവാർഷിക കുംഭമേളയോടെ ആഘോഷ പരിപാടികൾക്ക് സമർപ്പണമാകും.

## ഗൃഹസ്ഥാശ്രമസംഘം പ്രവർത്തനങ്ങൾ

**സ്പിരിചൽ സോൺ:** സെൻട്രൽ ഓഫീസ് പരിസരത്തെ ഗൃഹസ്ഥാശ്രമ സംഘം യൂണിറ്റുകളിൽ സന്ന്യാസിമാരെയുൾപ്പെടുത്തിയുള്ള ഗൃഹസന്ദർശന പരിപാടിയും ഏകദിന കുടുംബ സംഗമങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. 'ഗൃഹനന്മ കൂട്ടായ്മ'കളും 12 യൂണിറ്റുകളിലെ പ്രവർത്തകരെ ഉൾപ്പെടുത്തി ഏരിയ സംഗമങ്ങളും നടക്കും. 2018 ഫെബ്രുവരി 15 മുതൽ ഏഴ് ദിവസം നീണ്ടുനിൽക്കുന്ന പൂജിതപീഠം സമർപ്പണം സത്സംഗം ആശ്രമത്തിൽ വെച്ച് നടക്കും.

വിവിധ യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പ്, ശുചീകരണ പ്രവർത്തനങ്ങൾ, വിഭവസമാഹരണം, ശാന്തിയാത്ര എന്നിവയും വിവിധ ജീവകാരുണ്യപ്രവർത്തനങ്ങളും (*മംഗല്യനിധി, വാസശ്രീ, വിദ്യാനിധി, ആശ്രയം*) സംഘടിപ്പിക്കും. 'കനൽവഴിയിലെ കാരുണ്യം' ഒന്നാം ഭാഗം പ്രചരണ പരിപാടികൾ, രണ്ടാം ഭാഗം പ്രസിദ്ധീകരണത്തിനുള്ള നടപടികൾ എന്നിവയും ഇതോടൊപ്പം നടക്കുന്നതാണ്.

## വൈക്കം പ്രാർത്ഥനാകേന്ദ്രത്തിൽ ഓങ്കാര പ്രതിഷ്ഠ

**വൈക്കം :** ശാന്തിഗിരി ആശ്രമം, വൈക്കം പ്രാർത്ഥനാകേന്ദ്രത്തിൽ 2017 ഡിസംബർ 13 ബുധനാഴ്ച ഓങ്കാര പ്രതിഷ്ഠ നടന്നു. ആശ്രമം ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ഉച്ചയ്ക്ക് 12 മണിക്ക് പ്രതിഷ്ഠാ ചടങ്ങുകൾ നടന്നു. തുടർന്നു നടന്ന പ്രതിഷ്ഠാദിന സമ്മേളനം സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. സർവാദരണീയ ജനനി വിജയ ജ്ഞാനതപസ്വിനി, സർവാദരണീയ ജനനി അഭേദ ജ്ഞാനതപസ്വിനി, ആദരണീയ സ്വാമി ശരണ്യപ്രകാശ ജ്ഞാനതപസ്വി, ആദരണീയ സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി, വേണു വാസിഷ്ഠം, വി. ജോയ്, വിജയൻ മാച്ചേരി, തുടങ്ങിയവർ പങ്കെടുത്തു. വിവിധ പ്രദേശങ്ങളിൽ നിന്നുള്ള ആത്മബന്ധുക്കൾ ചടങ്ങിൽ പങ്കെടുത്തു.




*വൈക്കം പ്രാർത്ഥനാകേന്ദ്രത്തിൽ നടന്ന പ്രതിഷ്ഠാദിന സമ്മേളനം*

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## ഗുരുവാണി

അനുഭവമുള്ളിടത്തുനിന്നു പ്രവർത്തിക്കുന്നത് സൂക്ഷിച്ചായിരിക്കണം. അനുഭവമില്ലാത്തിടത്തു പ്രവർത്തിച്ചാൽ അനർഥങ്ങളുണ്ടാവുകയില്ല. അവിടെ നീചത്വങ്ങൾ ഇളകുന്ന പ്രശ്നമില്ല. എന്നാൽ അനുഭവമുള്ളിടത്ത് നാമറിയാതെ നമ്മളിലുള്ള നീചത്വം ഇളകും. അനുഭവമുള്ളവനാണെങ്കിൽ ഗുരുവിനോട് പിണങ്ങും. അനുഭവമില്ലാത്തവനാണെങ്കിൽ കുഴഞ്ഞു പോവുകയേയുള്ളൂ. ഇവിടെ അതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. ഇങ്ങനെയാണെങ്കിൽ പ്രവർത്തിക്കാതിരിക്കുന്നതല്ലേ ഭേദം എന്നു തോന്നാം. വെറിപിടിച്ചായാലും ഭക്തി കൊണ്ടുവരുകയും പരസ്യം ചെയ്യുകയും ചെയ്യുന്നത് ദോഷമായി കാണരുത്. അത് അങ്ങനെ വരണം. അനവധി പ്രാവശ്യം ശരീരമെടുത്തതിന്റെ ബാക്കിയാണീ ജന്മം. എല്ലാവർക്കും ഈ ഭാഗ്യം കിട്ടിയെന്നു വരുകയില്ല. ഏറ്റവും വലിയ ഋഷീശ്വരന്മാർ അനുഭവിച്ചറിഞ്ഞ കാര്യങ്ങൾപോലും ഇവിടെ കുട്ടികൾക്ക് കിട്ടുന്നു. മൂന്നുമാസം ഒരു ചിട്ടയോടെ ഭക്തി കൊണ്ടുപോയാൽ പിന്നെ മനസ്സിൽ സദാ കൊണ്ടുനടന്നാലും മതി. കുട്ടികൾ കുറച്ചു സമയം പ്രാർത്ഥിച്ചാൽ മതി. അല്ലെങ്കിൽ വാസന നഷ്ടമാകും. നല്ലതു കൂടുതൽ കഴിക്കാനാവില്ലല്ലോ. മരച്ചീനിപോലെ നെയ്യ് കഴിക്കാനാവുമോ?

ചിലർക്ക് പുറമേ പടുവേഷമേ കാണുകയുള്ളൂ. സ്നേഹം എന്തുപോലെ കൊണ്ടുപോകണം? ആത്മീയതയിൽ നാമറിയാത്ത ഒരു രഹസ്യമുണ്ട്. അതെടുക്കണമെങ്കിൽ നോവണം. അനേകായിരം ആത്മദർശനവും ആത്മവഴിയും ഉള്ളതാണ് ദീർഘദർശനം. ഭക്തിദർശനം, യോഗദർശനം, കർമദർശനം, ധർമദർശനം- ഇങ്ങനെ വിവരിച്ചറിയാൻ ഒരു ദേവനിൽക്കൂടിയോ ഒരു ദേവിയിൽക്കൂടിയോ ഒരു യുഗധർമ സിദ്ധാന്തിയിൽക്കൂടിയോ തിരിച്ചറിയാൻ കഴിയാത്ത ഗതികേടാണ് ഈ വഴിക്ക് ഉള്ളത്. ഇപ്പോൾ നമുക്ക് എടുത്തു കാണേണ്ടത് മഹാന്മാരെയാണ്. യുഗധർമം അനുസരിച്ചുള്ള കർമദർശനം എന്തെന്ന് നമുക്ക് അറിയാൻ വയ്യാത്തതുകൊണ്ട് ദീർഘദർശി എന്നുപറയുന്നവർക്കുവരെ ദൂരമായി നിൽക്കുന്നു. അത് എന്തുപോലെയെന്നാൽ രാമന്റെയോ രാവണന്റെയോ കാലത്ത് എന്തു സംഭവിച്ചു എന്ന്, അതിനുശേഷം യുഗങ്ങളായി മുമ്പ് വന്നുപോയ ദിഗ്ദർശനം എന്തെന്ന് തിരുത്തിപ്പറയാൻപോലും അറിവില്ലാത്ത മനുഷ്യസഞ്ചയത്തിന് ഒന്നും മനസ്സിലാവുകയില്ലാ എന്ന് പതുക്കെപ്പറഞ്ഞിട്ട് കാര്യവുമില്ല. എന്നാൽ ഒരെളുപ്പവഴിയുണ്ട്. മന്വന്തരകല്പങ്ങൾക്ക് ദീർഘദർശിത്വം കിട്ടിയ സ്വായംഭുവമനു മുതൽ വൈവസ്വതമനു വരെയുള്ള കർമഗതി എടുത്തുനോക്കി ദേവനും ഋഷിയും സന്ന്യാസിയും ജ്ഞാനിയും ഭക്തനും എന്താണെന്ന് എടുത്തുനോക്കി കർമവും ധർമവും എത്ര കാലങ്ങളായിട്ട് വഴിതെറ്റിയൊഴുകുന്നു എന്നറിയാൻ വയ്യാത്ത ഒരു വലിയ യുഗധർമത്തിന്റെ പടവ് അറിഞ്ഞ് താണ്ടി കളഞ്ഞെടുക്കാൻ മഹാന്മാരെയാണ് നമുക്ക് ഉദാഹരിക്കേണ്ടത്. ഏറ്റവും ചെറിയ കാലം നമുക്കെടുക്കാം. കാലം നമ്മൾ വിവക്ഷിക്കുന്നത് സത്യയുഗം, ത്രേതായുഗം, ദ്വാപരം, കലി. ഇങ്ങനെ നാല് കാലങ്ങളെക്കൊണ്ട് ഒരു ചതുർയുഗം കർമസൃഷ്ടിയാക്കി മാറ്റുന്ന ജ്ഞാനികളോ കർമികളോ എന്നുപറയുന്ന എത്രയായിരം കൊല്ലം ഒരു ജ്ഞാനിയുടെ ദീർഘദർശിത്വം. അങ്ങനെയുള്ള ജ്ഞാനികൾ എത്ര ചേർന്നതാണ് യുഗത്തിന്റെ നീളം. ആ യുഗത്തിന്റെ ധർമം തിരുത്തിക്കുറിക്കുന്നതാര്? അപ്പോൾ പിന്നെ ആത്മീയതയിലെ ഉള്ളറയിലേക്കു കടക്കുമ്പോൾ അനുഭവിക്കേണ്ടിവരുന്ന നോവ് എത്ര വലുതായിരിക്കും? ഇവിടെ മുൻകർമങ്ങൾ കൊണ്ടുണ്ടായിട്ടുള്ള വിധിവിഹിതമായ ഹീനതയുടെ വലിയ വലിയ തൂക്കങ്ങളെ അഴിക്കുകയാണ്. ആ സ്ഥാനത്ത് നല്ലതിനെ കർമിച്ച് നമ്മുടെ ജീവിതത്തിൽ ആക്കുകയാണ്. അത് തെറ്റുകൂടാതെതന്നെ പ്രവർത്തിച്ചെത്തിക്കണം.

## വചനദീപ്തി

“ദൈവത്തിൽ ആശ്രയിക്കുന്നവർ
വീണ്ടും ശക്തി പ്രാപിക്കും”

**ബൈബിൾ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2017 ഡിസംബർ 22 – ആനന്ദപുരം

## യാമപ്രാർത്ഥന

2017 ഡിസംബർ 21 വ്യാഴം
കാഞ്ഞാംപാറ, ജ്യോതിപുരം, സ്നേഹപുരം

**പ്രകാശപദം**

# മനുഷ്യചിന്തയ്ക്കതീതമായ കാര്യങ്ങൾ പഠിപ്പിക്കുകയും അതനുഭവിക്കുകയും ചെയ്യുന്ന കർമഗതി

ഇവിടെ കഴിയുന്ന നമുക്ക് ഈ മനുഷ്യരാശിയെ ഏത് നിലയിലേക്കു കൊണ്ടുപോകണമോ അതിന്റെ അടിസ്ഥാനം നാം കരുണയാർജ്ജിക്കുന്ന ഒരു വിത്ത് നമ്മളിൽക്കൂടി വരണം. ഗുരുവിന്റെ ത്യാഗത്തിന്റെ ഒരു ഭാഗം; അത് സുകൃതമാക്കി മാറ്റാനുള്ള ത്യാഗത്തിന്റെ വശം നമുക്കു വേണം. അങ്ങനെ നമ്മൾ മനസ്സിലാക്കിയിട്ട് ആശ്രമജീവിതത്തിലേക്കു വരുമ്പോൾ ആശ്രമത്തിലുണ്ടാകുന്ന സത്യവും അസത്യവുമായിരിക്കുന്ന ഏതുകാര്യവും സഹിക്കാൻ നമുക്കു കഴിയണം.

ഏത് തെറ്റിലും ഒരു ശരി കാണുന്ന അല്ലെങ്കിൽ ഏത് ശരിയിലും ഒരു തെറ്റ് കാണുന്ന ഭാഗം സൂക്ഷ്മതലങ്ങളിൽത്തന്നെയുണ്ട്. മനുഷ്യചിന്തയ്ക്കതീതമായ കാര്യങ്ങൾ ഗുരു നമ്മെ പഠിപ്പിക്കുകയും അതനുഭവിക്കുകയും ചെയ്യുന്ന കർമഗതി ഇതിനകത്തുണ്ട്. നമ്മളിതൊക്കെ മനസ്സിലാക്കിയിട്ട് ഇവിടെ നില്ക്കുമ്പോൾ തന്റെ ഗുരു ആരാണെന്നും ഗുരുവിന്റെ ജന്മോദ്ദേശ്യം എന്താണെന്നും അത് ഉലകത്തിനു പകരാനും പകർത്താനും നമ്മളെങ്ങനെ ജീവിക്കണമെന്നും എന്തുപോലെയായിരിക്കണമെന്നുമുള്ള ഒരു തീർപ്പ് നമുക്കുണ്ടാകണം. ഗുരുവിന്റെ ജനിച്ച നാട് എവിടെയാണെന്നും ആ ജന്മത്തിന്റെ ലക്ഷ്യം എന്താണെന്നും 1973 നു മുമ്പുതന്നെ കണ്ടതാണ്. വളരെ വ്യക്തമായിട്ടാണ് അന്ന് ഇങ്ങനെയുള്ള കാര്യങ്ങൾ കിട്ടിയതെന്ന് നമ്മൾ മനസ്സിലാക്കിയിട്ട് ഈ ലോകത്തിന്റെ സകലകോണുകളിലും എന്റെ ഗുരു ദൈവമാണെന്നും ഈശ്വരനാണെന്നും അല്ലെങ്കിൽ ബ്രഹ്മസ്വരൂപമാണെന്നും നമ്മുടെ ജീവിതം കൊണ്ടു കാണിച്ചുകൊടുക്കുന്ന ഒരു സങ്കല്പശേഷിത്വവും കർമശേഷിയും നമുക്കു വരണം.

പൂർത്തീകരണം എന്നു പറയുന്ന ഒരു ഭാഗം ഉണ്ട്. അങ്ങനെ പറയുമ്പോൾ ഇതുവരെ വന്ന മഹാന്മാരാരും ഇതെല്ലാം പൂർത്തീകരിച്ചു പോയിട്ടില്ല. പക്ഷെ ഗുരു ഇതെല്ലാം പൂർത്തീകരിച്ച് വീണ്ടും മനുഷ്യരൂപത്തിൽ ആ ബ്രഹ്മത്തിന്റെ ഇച്ഛ നടപ്പിലാക്കാനുള്ള സങ്കല്പത്തിന്റെ കരുതലിൽ വന്ന മഹാത്മാവാണ്. ഈ ശരീരസ്വഭാവത്തിന്റെ പ്രകാശത്തിൽ നിലകൊള്ളുന്ന അവസ്ഥാന്തരങ്ങളുണ്ട്. ഈ ഭാഗം നമ്മൾ മനസ്സിലാക്കിയിട്ട് ഗുരുവിന്റെ ജീവിതരീതിയിൽ ഓരോ കാര്യത്തിലും ആ പ്രകാശത്തിൽ നിന്നും കിട്ടുന്ന വാക്കുകളാണു നമ്മൾ ഉപയോഗിച്ചുവരുന്നത്. ആ ഉപയോഗിച്ച ഭാഗം അതിന്റെ അർത്ഥവ്യാപ്തിയോളം അല്ലെങ്കിൽ ഈ മനുഷ്യജീവിതംകൊണ്ട് നമുക്കനുഭവിച്ചു തീർക്കാൻ കഴിയും.

ഈ ലോകത്തിന്റെ ഏതെല്ലാം നല്ലതോ ചീത്തയോ ആയ ഭാഗം തന്റെ സങ്കല്പം കൊണ്ടും കർമംകൊണ്ടും മാറ്റാൻ ഗുരു എന്താണോ ഇച്ഛിക്കുന്നത് അതു നമ്മളെക്കൊണ്ട് ചെയ്യിപ്പിക്കണം. നമുക്കതിനൊരവസരം ഉണ്ടാവണം. അതിന് ഏതെങ്കിലും ഒരു കണിക എടുത്തുവെയ്ക്കാനെങ്കിലും നമുക്കു കഴിയണം. ഒരു വലിയ കടലിൽ നിന്നൊരു തുള്ളി വെള്ളം ഏതു രൂപത്തിൽ നമ്മുടെ ഉള്ളിലേക്കു കടക്കുന്നുവോ, അതെങ്കിലും ആവാനെനിക്ക് കഴിയണം എന്ന് ഒരു ചിന്ത വേണം.

ഇങ്ങനെയുള്ള കാര്യങ്ങളിൽ പങ്കെടുക്കാനും ഈ ആശ്രമപരിസരത്ത് ജീവിക്കാനും നമുക്ക് ഭാഗ്യമുണ്ടായെങ്കിൽ ഏതോ ജന്മത്തിൽ നാം ഏതെങ്കിലും തരത്തിൽ ഗുരുവുമായിട്ട് അടുത്ത ഒരു ഭാഗമുണ്ട്. അതിനെ ചീത്തയാവാത്ത രീതിയിൽ എനിക്കെങ്ങനെ ഉപയോഗിച്ചെടുക്കാൻ പറ്റും, അല്ലെങ്കിൽ ഈ കർമം സത്യമായിട്ടു കൊണ്ടുപോകാൻ എനിക്ക് എങ്ങനെ കഴിയും എന്നുള്ള ഭാഗം നമ്മളോർമ്മിക്കേണ്ടതാണ്.

**(ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# അനുഭവം സാക്ഷി

ഗുരുതത്വവും ഗുരുമഹത്വവും ലോകത്തോട് പറയേണ്ടത് ഗുരുകാരുണ്യത്താൽ ഗുരുവിനെ കണ്ടറിഞ്ഞ ശിഷ്യരാണ്. ശാന്തിഗിരി പരമ്പരയിലെ ഓരോ ആൾക്കും ഗുരുവിനെക്കുറിച്ച് പറയാൻ ധാരാളം കാര്യങ്ങൾ ഉണ്ട്. ഗുരുവിന്റെ സ്നേഹം ഓർമ്മകളിൽ സാന്ത്വനമായി നിൽക്കവെ തന്നെ ചില മുഹൂർത്തങ്ങളുടെ സ്മൃതികൾ മനസിനെ തരളിതമാക്കുകയും ചെയ്യും.

ഗുരുവിന്റെ ഓരോ വാക്കും ഓരോ ഭാവവും ജ്ഞാനത്തിന്റെ അഖണ്ഡജ്യോതിസ്സു തന്നെ. ഗുരുഗീതയിൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ “ഗുരുപാദസ്ഥിതമായ ജ്ഞാനം”, “ഗുരുമുഖസ്ഥിതമായ വിദ്യ” ഇവ ഗുരുവിങ്കൽ നിന്ന് ദാനമായി ലഭിക്കുന്ന അറിവാണ്. ആ അറിവ് മറ്റുള്ളവർക്കായി പകർന്നുനല്കുക എന്നത് വിധിവിഹിതമായ നന്മയത്രെ. ശിഷ്യർക്ക് യഥാർഹം ലഭ്യമാകുന്ന അറിവിന്റെ അവസരങ്ങൾ തത്സമയം അവർ അറിയുന്നുപോലുമുണ്ടാകില്ല.

ഗുരു ദേഹാസ്വാസ്ഥ്യം നിമിത്തം പ്രയാസം അനുഭവിക്കുന്ന ഒരു സന്ദർഭം. ഗുരുവിന് തീരെ നടക്കാൻ വയ്യ. ഗുരുവിനെ കസേരയിലിരുത്തി എടുത്തുകൊണ്ട് പോകുന്നത് കണ്ട് വിഷമിച്ച് നിന്ന ശിഷ്യനോട് ഗുരു ചോദിച്ചു:

“എന്നെ എടുത്തുകൊണ്ടു പോകുന്നത് കണ്ടോ? ”

“ കണ്ടു ”

“ ഇത് പട്ടാളക്കാരൻ പറയുന്നതു പോലെയാണല്ലോ ” എന്ന് ഗുരു കളിയാക്കി. കൽപ്പന അനുസരിച്ച് മാത്രം ശീലിക്കുകയും തിരിച്ചറിവ് ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന പട്ടാളക്കാരനെയാണ് ഗുരു ഉപമാനമായി പറഞ്ഞത്.

* * * * * * * * * *

ഗുരു സ്വസ്ഥനും ശാന്തനും സന്തോഷവാനുമായിരിക്കുമ്പോൾ ചോദിക്കാറുള്ള ഒരു ചോദ്യമുണ്ട്:

“പൊതുവെ എങ്ങനെയാണ്? ”

പൊതുജനങ്ങളുടെ ഇടയിൽ ആശ്രമത്തെപ്പറ്റിയുള്ള അറിവും അഭിപ്രായഗതികളുമാണ് ഗുരു ചോദിക്കുന്നത്. ആളുകൾ പൊതുവെ ഈ അറിവിലേക്ക് വരാൻ താല്പര്യം കാട്ടുന്നു എന്നും ഒന്നുമറിയാതെ എതിർക്കുന്ന രീതിക്ക് മാറ്റം വന്നിട്ടുണ്ട് എന്നും അറിയിക്കുമ്പോൾ ‘എല്ലാം ശരിയായിക്കൊള്ളും’ എന്ന ഭാവം സ്ഫുരിക്കുമാറ് ഗുരു ചിരിക്കും.

*(ശ്രീ. കെ.സതീശൻ രചിച്ച ‘ഗുരുശിഷ്യദീപ്തി’ എന്ന ഗ്രന്ഥത്തിൽ നിന്ന്)*

## 'ആരാധനാലയങ്ങളിൽ നിന്ന് ശാന്തിയുടെ സന്ദേശം ഉയരണം'

**ജ്യോതിപുരം :** ഏതു മതവിഭാഗങ്ങളിൽപ്പെടുന്നവരുടേതായാലും ആരാധനാലയങ്ങളിൽ നിന്ന് ഉയരേണ്ടത് സമാധാനത്തിന്റെ സന്ദേശമാണെന്ന് മന്ത്രി കെ. രാജു. നെല്ലിക്കാട് ഖാദിരിയ്യ അറബിക് കോളേജിൽ നടന്ന വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുഗ്രഹ പ്രഭാഷണം നടത്തി. സി. ദിവാകരൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രൊഫ. തോന്നയ്ക്കൽ ജമാൽ, തടിക്കാട് സയ്യിദ് ഫൈസി, ജില്ലാ പഞ്ചായത്ത് അംഗം എസ്.എം. റാസി, ആർ. അനിൽകുമാർ തുടങ്ങിയവർ സംബന്ധിച്ചു. സമൂഹവിവാഹവും സംഘടിപ്പിച്ചിരുന്നു. കെ.പി. അബൂബക്കർ ഹസ്രത്ത് വിവാഹച്ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു.



*പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ പുഷ്പക്കൃഷി പദ്ധതി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

## പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ പുഷ്പക്കൃഷി

**പോത്തൻകോട്:** ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി പുഷ്പക്കൃഷിക്ക് തുടക്കമായി. പുലിവീട് വാർഡിലെ തൈ നടീൽ പദ്ധതിയുടെ ഉദ്ഘാടനം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവഹിച്ചു. സെന്റ് തോമസ് ചർച്ചിലെ ഫാദർ മാത്യു ചെരിവുകാലായിൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. വേണുഗോപാലൻ നായർ, ജില്ലാ പഞ്ചായത്ത് അംഗം എസ്. രാധാദേവി, വാർഡംഗം എം. ബാലമുരളി തുടങ്ങിയവർ പങ്കെടുത്തു.



*ശാന്തിഗിരി ഫ്യൂവൽസിൽ അയ്യപ്പഭക്തർക്കുള്ള മിനറൽ വാട്ടർ വിതരണം*

## ശബരിമല തീർത്ഥാടകർക്ക് മിനറൽ വാട്ടർ

**ശാന്തിഗിരി ജംഗ്ഷൻ:** ശാന്തിഗിരി ഫ്യുവൽസിൽ നിന്ന് ആയിരം രൂപയ്ക്കു മേൽ പെട്രോൾ/ഡീസൽ വാങ്ങുന്ന ശബരിമല തീർത്ഥാടകർക്ക് മിനറൽ വാട്ടർ കുപ്പികൾ സൗജന്യമായി നൽകും. ഈ പരിപാടിയുടെ ഉദ്ഘാടനം ഡിസംബർ 11 ന് ഇന്ത്യൻ ഓയിൽ കോർപറേഷൻ മാനേജർ ചിത്ര നിർവഹിച്ചു. ശാന്തിഗിരി ഫ്യൂവൽസ് അസിസ്റ്റന്റ് മാനേജർ ഒ.ബി. സുനിൽകുമാർ സംബന്ധിച്ചു.

## ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രതിമാസ പൊതുയോഗം ഡിസംബർ 10 ന് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി മുഖ്യപ്രഭാഷണം നടത്തി. പ്രാർത്ഥനയുടെ പ്രാധാന്യം, ഗുരുവിന്റെ ത്യാഗജീവിതം, ഗുരുവാക്ക് തെറ്റിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകൾ, കർമ്മത്തിന്റെപ്രാധാന്യം, കർമദോഷനിവാരണത്തിനുള്ള മാർഗങ്ങൾ എന്നിവയെക്കുറിച്ച് ജനനി സംസാരിച്ചു.

ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, കുടുംബമൂല്യങ്ങളുടെ പ്രാധാന്യത്തെയും കുട്ടികളെ വളർത്തേണ്ട രീതികളെക്കുറിച്ചും സംസാരിച്ചു. ഗൃഹസ്ഥാശ്രമ സംഘം ഇൻചാർജുമാരായ ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ആദരണീയ ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി എന്നിവരും റ്റി. കെ. ഉണ്ണികൃഷ്ണ പ്രസാദ്, എം.പി. പ്രമോദ് തുടങ്ങിയവരും സംബന്ധിച്ചു.



*ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗത്തിൽ ജനനി സുപഥ ജ്ഞാനതപസ്വിനി സംസാരിക്കുന്നു*

## ചുമതലകൾ പുനഃക്രമീകരിച്ചു

**സ്പിരിചൽ സോൺ :** ഡിസംബർ 8 ന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനിയുടെയും ജനനി പത്മപ്രിയ ജ്ഞാനതപസ്വിനിയുടെയും ചുമതലകൾ പുനഃക്രമീകരിച്ചു.

**പുതിയ ചുമതല:**

ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി- ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം, അഡീഷണൽ ചാർജ്- ഫുഡ് സർവീസസ്.

ജനനി പത്മപ്രിയ ജ്ഞാനതപസ്വിനി-ഇൻചാർജ് - ന്യൂ ഗാർഡൻ, അഡീഷണൽ ചാർജ് (സർവീസസ്) സ്പിരിചൽ സോൺ ഓപ്പറേഷൻസ്.




*ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോ. എസ്. സേനു, ചെന്നൈയിൽ നടന്ന ചടങ്ങിൽ എം.എസ്.സി. (യോഗ ആന്റ് നാച്ചുറോപതി) ബിരുദം ഏറ്റുവാങ്ങുന്നു*

## ശാന്തിഗിരി ഷോപ്പിംഗ് മാളിൽ വിലക്കുറവ്

**റിസർച്ച് സോൺ:** ശാന്തിഗിരി ഷോപ്പിംഗ് മാളിൽ പ്രമുഖ കമ്പനികളുടെ ഉല്പന്നങ്ങൾ എം.ആർ.പി.യിൽ നിന്നും 100 രൂപ വരെ വിലക്കുറവിൽ ലഭ്യമാണ്. മാളിൽ പ്രവർത്തിക്കുന്ന സുഖം തരും പുടവ, ടെയ്ലറിംഗ് യൂണിറ്റിൽ ഒരു മണിക്കൂറിനുള്ളിൽ ഷർട്ട്, ചുരിദാർ, ബ്ലൗസുകൾ എന്നിവ തയ്ച്ച് കിട്ടും. ഷോപ്പിംഗ് മാളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഒ.പി. ക്ലിനിക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വൈകുന്നേരം അഞ്ചു മണി മുതൽ ഡോ. ബി. രാജ്കുമാർ സൗജന്യമായി രോഗികളെ പരിശോധിക്കുന്നതാണ്.

## കർമ്മം ഇന്ന്

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പ്രവർത്തകരുടെ കർമ്മം ഇന്ന് വൈകുന്നേരം 3.30 ന് റിസർച്ച് സോണിലെ കൃഷിത്തോട്ടത്തിൽ നടക്കും. എല്ലാ ഞായറാഴ്ചകളിലും ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ കർമ്മം നടക്കുന്നുണ്ട്.



*ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പ്രവർത്തകർ ഡിസംബർ 10 ന് നടത്തിയ കർമ്മം*



ഡിസംബർ 14 ചോതി നാളിൽ നടന്ന ജന്മഗൃഹ തീർത്ഥയാത്ര

# മുഹമ്മദ് നബി കാരുണ്യത്തിന്റെ പ്രവാചകൻ:

## സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**കാഞ്ഞങ്ങാട്:** ലോകത്തെ പ്രകാശിതമാക്കിയ കാരുണ്യത്തിന്റെ പ്രവാചകനാണ് മുഹമ്മദ് നബിയെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. കാഞ്ഞങ്ങാട് സംയുക്ത ജമാഅത്ത് നബിദിന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സ്വാമി. ദൈവത്തിന്റെ പ്രകാശം മനുഷ്യന്റെ ആത്മാവിലെത്തിച്ച നബി, മനുഷ്യകുലത്തിന് നന്മയുടെ പ്രഭ ചൊരിഞ്ഞ പ്രവാചകനാണെന്നും സ്വാമി പറഞ്ഞു.



നബിദിന സമ്മേളനത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

സംയുക്ത ജമാഅത്ത് ഖാസിയും സമസ്ത പ്രസിഡന്റുമായ സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്തു. മെട്രോ മുഹമ്മദ് ഹാജി അദ്ധ്യക്ഷത വഹിച്ചു. മുൻ. ഡി.ജി.പി അലക്സാണ്ടർ ജേക്കബ്, അബ്ദുൽ സമദ് പൂക്കോട്ടൂർ, എം.സി. ഖമറുദ്ദീൻ, ബഷീർ വെള്ളിക്കോത്ത് തുടങ്ങിയവർ സംബന്ധിച്ചു.

# ശാന്തിഗിരി വിദ്യാഭവനിൽ 'വാർത്താതരംഗിണി'



**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന വാർത്താ ബുള്ളറ്റിൻ -വാർത്താ തരംഗിണി- ആരംഭിച്ചു. മാധ്യമരംഗത്തെ കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഈ പരിപാടി ആഴ്ചയിൽ രണ്ട് ദിവസമാണ് നടക്കുക.

യൂ ട്യൂബ്, വാട്സ് ആപ്പ്, ഫെയ്സ് ബുക്ക് തുടങ്ങിയ സാമൂഹിമ മാധ്യമങ്ങളിൽ ഈ പരിപാടി കാണാവുന്നതാണ്. പൊതുവായ പത്രവാർത്തകളും ആശ്രമത്തിലെ വാർത്തകളും 'വാർത്താതരംഗിണി' യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# ദേശീയ സിദ്ധ കോൺഫ്രൻസ് :

## വിഷയാവതരണത്തിൽ നരേൻശ്രീക്ക് ഒന്നാംസ്ഥാനം

**ഹെൽത്ത്കെയർ സോൺ:** ഡിസംബർ 9, 10 തീയതികളിൽ പുതുച്ചേരിയിൽ വച്ച് നടന്ന ദേശീയ സിദ്ധ കോൺഫ്രൻസിൽ നടന്ന പ്രസന്റേഷനിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പതിനാലാം ബാച്ച് വിദ്യാർത്ഥി എസ്. നരേൻശ്രീ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പൂർവ വിദ്യാർത്ഥിനിയായ ഗായത്രിക്കാണ് രണ്ടാം സ്ഥാനം. 'പുര മരുത്വം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച കോൺഫ്രൻസ് പുതുച്ചേരി സിദ്ധ റിജീയണൽ



എസ്. നരേൻശ്രീ

ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ് നടന്നത്. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പി. ഹരിഹരൻ ഡിസംബർ ഒൻപതിന് നടന്ന സെഷനിൽ അദ്ധ്യക്ഷത വഹിച്ചു. സിദ്ധവൈദ്യത്തിലെ തനത് ഉപകരണങ്ങളുടെയും സിദ്ധ ഗ്രന്ഥങ്ങളുടെയും പ്രദർശനവും നടന്നു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ നിന്ന് മൂന്ന് അദ്ധ്യാപകരും 35 വിദ്യാർത്ഥികളും കോൺഫ്രൻസിൽ പങ്കെടുക്കുകയുണ്ടായി.

# വിവാഹിതരായി



**ശാന്തിഗിരി ജംഗ്ഷൻ യൂണിറ്റിലെ ശാന്തിനിലയം ഭവനത്തിൽ ജി. വേണുഗോപാലിന്റെയും പി. ശ്രീകുമാരിയമ്മയുടെയും മകൻ വി. വിഷ്ണുവും പത്തനംതിട്ട ഓമല്ലൂർ പന്നിയാലിൽ പാലക്കുന്നത്ത് വീട്ടിൽ ജയപ്രസാദിന്റെയും തങ്കമണിയുടെയും മകൾ കാർത്തു പ്രസാദും ഡിസംബർ 10 ഞായറാഴ്ച ഓമല്ലൂർ അഞ്ജലി ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി.**



# കിഡ്സ് ഡെ ശ്രദ്ധേയമായി

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ കെ.ജി. സെക്ഷനിൽ കൊച്ചുകൂട്ടുകാരുടെ കലാവാസനകൾ പരിപോഷിപ്പിക്കുന്നതിനായി സംഘടിപ്പിച്ച കിഡ്സ് ഡെ ശ്രദ്ധേയമായി. കവിത, ഗാനം, ആക്ഷൻ സോങ്, മോണോ ആക്ട് തുടങ്ങിയ നിരവധി പരിപാടികൾ കുരുന്നുകൾ അവതരിപ്പിച്ചു.



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala